സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

98 (438) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടത്തുമ്പോൾ സംവരണതത്വം പാലിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ ലോവർ കാറ്റഗറിയിൽ നിയമനം നൽകുകയും പിന്നീട് പ്രൊമോട്ട് ചെയ്ത് നിയമനം നടത്തുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാന അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡ്, സഹകരണ ബാങ്ക് എന്നിവയിലെ നിയമനങ്ങളിൽ യാതൊരു സംവരണ തത്വവും പിലിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര നിയമനങ്ങൾ നടത്തി ; സംവരണപ്രകാരം എത്ര പേർക്ക് നിയമനം നൽകി : വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ബന്ധപ്പെട്ട സർക്കുലറിന്റെ പകർപ്പുകൾ അനുബന്ധം I, II, III, IV ആയി ചേർത്തിട്ടുണ്ട്. *

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കൺസ്യൂമർഫെഡിൽ താത്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുകയും പിന്നീട് പ്രത്യേക ഉത്തരവ് പ്രകാരം സ്ഥിരീകരണം നൽകുകയും ചെയ്തിട്ടുള്ളവരുടെ നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിലെയും കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിലെയും നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ ആകെ 6591 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. മേൽപ്രകാരം നടത്തപ്പെട്ട നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ സംവരണ പ്രകാരം 677 പേരെയും അംഗപരിമിത സംവരണ പ്രകാരം 139 പേരെയും നിയമിച്ചിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് ഭരണം

99 (439) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ സംസ്ഥാനത്തെ എത്ര സഹകരണ സ്ഥാപനങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിക്കൊണ്ട് സഹകരണ രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി ; വിവരം ലഭ്യമാക്കുമോ ;

(ബി) അപ്രകാരം അഡ്മിനിസ്ട്രേറ്റർ ഭരണത്തിലകപ്പെട്ട സഹകരണ സംഘങ്ങളിൽ, ആറുമാസ കാലയളവിനുശേഷം തെരഞ്ഞെടുപ്പ് നടത്താതെ, അഡ്മിനിസ്ട്രേറ്റർ ഭരണം തന്നെ നടത്തുന്നവ എത്ര എണ്ണം ;

(സി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ, അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിക്കൊണ്ടുള്ള എത്ര ഉത്തരവുകൾ റദ്ദായിപ്പോവുകയുണ്ടായിട്ടുണ്ട് ; എത്ര സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റർ ഭരണം അവസാനിപ്പിച്ച് പഴയ ഭരണ സമിതിക്കുതന്നെ അധികാരം തിരിച്ചു നൽകേണ്ടതായി വന്നിട്ടുണ്ട് വിശദവിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 1086 സഹകരണ സ്ഥാപനങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 384 എണ്ണം.

LIBRARY ARCHIVES Kerala Legislative Assembly